പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.580** **08.08.2017 ൽ മറുപടിയ്ക്ക്**

## സ്പോർട്സ് സ്കൂളുകളുടെ നിലവാരം

**ചോദ്യം**

ശ്രീ.എം. സ്വരാജ്

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | എ) യും ബി) യും സി) യും | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലിരുന്ന ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ് എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്പോർട്സ് സ്കൂൾ എന്ന നിലയിൽ അവയെ ദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി ഇവയുടെ പൂർണ്ണ നിയന്ത്രണവും സമഗ്ര പുരോഗതിയ്ക്ക് ആവശ്യമായ നയങ്ങൾ, പദ്ധതികൾ, ഉദ്ദേശ്യങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള ചുമതലയും പൂർണ്ണ മേൽനോട്ടവും ഭരണ നിയന്ത്രണ ചുമതലയും കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഭരണ നിയന്ത്രണ ചുമതല കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്ത ശേഷം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളിലെ ഹോസ്റ്റൽ പുതുക്കിപ്പണിയുന്നതിനും, കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിദ്യാർത്ഥികൾക്കുള്ള സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ എന്നിവ പുതിയ അധ്യയന വർഷം ആരംഭിച്ച ഉടനെ തന്നെ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിനോടൊപ്പം മെച്ചപ്പെട്ട വിദ്യാഭ്യാസം കൂടി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| സി) | എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**